# പൊള്ളുന്ന നഗരം ഇനി ഒരു നനവിനായ് കാത്തിരിക്കാം

മുംബയ് : നഗരം ഉഷ്ണമയമാകുകയാണ്. തുടച്ചാലും നിലക്കാത്ത വിയർപ്പു ചാലുകൾ ഉതിർത്ത് ഉയർന്ന താപനിലയിലേക്ക് നഗരത്തിന്റെ അന്തരീക്ഷം മാറി കഴിഞ്ഞിരിക്കുന്നു. ഇനി ഒരു മഴതുള്ളി വീഴുന്ന കാലം വരെ ഈ ചൂട് നിമ്നോന്നതങ്ങളായി മാറിക്കൊണ്ടിരിക്കും. നഗര ചരിത്രത്തിലെ ഏറ്റവും കൂടുതൽ താപനില 1982 മാർച്ച് 20 ന് ആയിരുന്നു. അന്ന് 40.2 ഡിഗ്രിസെൽഷ്യസ് ആയിരുന്നു. അന്തരീക്ഷ ഊഷ്മാവ് ഏറ്റവും കുറഞ്ഞത് 1962 ജനുവരി 27 ലെ 7.4 ഡിഗ്രിസെൽഷ്യസ് ഉഷ്ണകാലത്തിന്റെ ഈ വ്യതിയാനങ്ങൾ പിന്നീട് ആവർത്തിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ 35 ഡിഗ്രി സെൽഷ്യസിനും 25 ഡിഗ്രി സെൽഷ്യസിനുമിടക്കു നിന്നുകൊണ്ട് നമ്മളെ പൊള്ളിക്കുകയാണ് അന്തരീക്ഷം.

ജൂൺ ആരംഭത്തോടെ മഴക്കാറുകൾ തെളിയുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. പിന്നെ സപ്തംബറോളം ഗൃഹാതുരത ഉണർത്തിക്കൊണ്ട് വൈവിദ്ധ്യരൂപത്തിലതു പ്രത്യക്ഷപ്പെടും. ഒരു ദിവസത്തെ ഏറ്റവും വലിയ ചൂടിൽ നഗരം മുങ്ങിയത് നമുക്ക് മറക്കാൻ കഴിയില്ല. 1954 ലായിരുന്നു ഏറ്റവും കൂടുതൽ മഴ പെയ്തിരുന്നത്. അന്ന് 3, 452 മില്ലിമീറ്ററാണ് അതിന്റെ ശാസ്ത്രീയമായ കണക്ക്. സാധാരണ നഗരത്തിലെ മഴയുടെ അളവ് 2, 146.6 മില്ലിമീറ്ററുമാണ്. വേനലും മഴയും കുളിരുമെല്ലാം മിതമായി വീതിച്ചെടുത്തതാണ്. മുംബയിലെ കാലാവസ്ഥ അപൂർവ്വമായി മാത്രം ഇവിടെ പ്രകൃതി അനിയന്ത്രിതമാകുന്നു. നഗരത്തിന്റെ ചൂട് മനസ്സിലേക്കും വ്യാപിക്കുന്നത് അവശ്യസാധനങ്ങളുടെ വില അമിതമായി വർദ്ധിക്കുന്നത് കൊണ്ടുകൂടിയാണ്. നഗരത്തിലെ പച്ചപ്പുകളെ നിശ്ശേഷം മാറ്റികൊണ്ട് വൻകെട്ടിടങ്ങൾ ചുടുനിശ്വാസങ്ങൾ ഉതിർത്ത് നഗരത്തെ ഭീകരമാക്കി മാറ്റി കൊണ്ടിരിക്കുമ്പോൾ ആശ്വാസം തരുന്ന കാറ്റുകൾ ഇവിടെ അപ്രത്യക്ഷമാകുന്നു. ' ഹരിയാലി ബോലേഗേതൊ ക്യാ ഹെ...?' എന്നു പുതു തലമുറ ചോദിക്കാൻ തുടങ്ങി കഴിഞ്ഞപ്പോൾ നമുക്ക് വിയർപ്പു തുടച്ചുകൊണ്ട്ചോദ്യങ്ങളിൽ നിന്ന് മാറി നിൽക്കാം.

## ഫാദിയ അന്താരാഷ്ട്ര മിലാദ് കോൺഫ്രൻസ് നാളെ ഭീവണ്ടിയിൽ

ഭീവണ്ടി : ഫുദവീസ് അസോസിയേഷൻ ഫോർ ഡിവോട്ടസ് ഇസ്‌ലാമിക് ആക്ടിവിറ്റീസ് ഫാദിയ സംഘടിപ്പിക്കുന്ന ജൂഷനെ- ഈദു മിലാദുന്നബി അന്താരാഷ്ട്ര മിലാദ് കോൺഫ്രറൻസ് നാളെ ഭീവണ്ടിയിൽ നടക്കും. ഫാദിയയും മുംബൈ ചാപ്ടർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മിലാദ് സമ്മേളനം നാളെ വൈകുന്നേരം 7 മണിക്ക് ഭീവണ്ടി, മീനാ തായി വാക്കറെ ഹാളിൽ ദാറുൽ ഫുദാ ഇസ്‌ലാമിക്‌യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി ഉദ്ഘാടനം ചെയ്യും. മൗലവി അബ്ദുൾ കലീം സ്വമദ് (ന്യൂസ് ലാന്റ്) ശൈഖ് ഹാമിദ് സാലീം, ശൈഖ് നമാൽ മുഹമ്മദ്, അല്ലാമാ മിസ്ബാഹി പ്രിൻസിപ്പൽ ജാമിഅ ബക്തിയാർ ഖഅ്കി ന്യൂഡൽഹി, എന്നിവർ മുഖ്യാതിഥികളായിരിക്കും. അല്ലാമാ നൂറുൽ ഹസൻ ബറകാത്തി മുഖ്യപ്രഭാഷണം നിർവ്വഹിക്കും. വേദിയിൽ മുംബൈ ജുവ്വത്തുൽ ഇസ്ലാം അറബിക് കോളേജ് വിദ്യാർത്ഥികളുടെ ദഫ് പ്രദർശനവും കലാപരിപാടികളും നടക്കും.

# സച്ചിന്റെ പരസ്യം മറാത്തി ചാനലുകൾ നിരസിച്ചത് വിവാദമാകുന്നു

മുംബയ് : ജല ദുരുപയോഗത്തിനെതിരെ മുംബയ് വാസികളെ ബോധവത്കരിക്കുന്നതിന് വേണ്ടി സച്ചിൻ ടെൻഡുൽക്കർ അവതരിപ്പിക്കുന്ന പരസ്യം സംപ്രേക്ഷണം ചെയ്യാൻ 2 മറാത്തി ചാനലുകൾ തയ്യാറാകാത്തത് ഏറെ വിവാദമാകുന്നു.

ജല ദൗർലഭ്യം അനുഭവിക്കുന്ന മുംബയിൽ ബ്രിഹാൻ മുംബയ് മുനിസിപ്പൽ കോർപ്പറേഷനാണ് ടെൻഡുൽക്കറെ മോഡലാക്കി ഈ പരസ്യം അവതരിപ്പിച്ചത്. എന്നാൽ ചില ടെലിവിഷൻ ചാനലുകൾ ഈ പരസ്യത്തിൽ താൽപര്യം കാണിച്ചില്ല എന്നു മാത്രമല്ല കാശ് ലഭിച്ചില്ലെങ്കിൽ സംപ്രേക്ഷണം ചെയ്യാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തു.

48 സെക്കന്റ് ദൈർഘ്യമുള്ള ഈ പരസ്യത്തിൽ സച്ചിൻ പ്രാക്ടീസ് ചെയ്ത ശേഷം മടങ്ങിവന്ന് അര ഗ്ലാസ് വെള്ളം കുടിക്കാൻ ചോദിക്കുന്നതാണ് പരസ്യത്തിൽ കാണിക്കുന്നത്. ഒരു ഗ്ലാസ് തന്നെ തികച്ചു ചോദിക്കാത്തത് അത്രയും വെള്ളം ലാഭിക്കാമെന്ന് കരുതിയാണ് ഈ സന്ദേശമാണ് പരസ്യം നൽകുന്നത്. എന്നാൽ ചില മറാത്തി ചാനലുകൾ 20 ലക്ഷം രൂപ ലഭിച്ചാൽ മാത്രമേ പരസ്യം സംപ്രേക്ഷണം ചെയ്യൂ എന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്ന് മുനിസിപ്പൽ അതോറിറ്റികൾ പറയുന്നു. പതിനഞ്ച് ലക്ഷം രൂപ ചില വാക്കിയെടുത്ത പരസ്യത്തിന് 20 ലക്ഷം രൂപ സംപ്രേക്ഷണത്തിനായി നൽകാൻ ആവില്ലെന്നാണ് മുനിസിപ്പൽ അധികൃതരുടെ നിലപാട്. വളരെ തിരക്കുള്ള വ്യക്തിയാണെങ്കിലും ജനോപകാരപ്രദമായ ഒരു പരസ്യത്തിനുവേണ്ടി സച്ചിൻ സമയം കണ്ടെത്തിയതു പോലെ ഈ പരസ്യത്തിന്റെ സംപ്രേക്ഷണത്തിന് ചാനലുകൾ പണം വാങ്ങരുതെന്നും കഴിയുമെങ്കിൽ പ്രൈം ടൈമിൽ തന്നെ സംപ്രേക്ഷണം ചെയ്യണമെന്നുമാണ് മുനിസിപ്പൽ അധികൃതരുടെ വാദം.

## ലോക് കല്യാൺ മലയാളി അസോസിയേഷൻ ഓഫീസ് ഉദ്ഘാടനം 16 ന്

കല്യാൺ ഈസ്റ്റ് : ലോക് കല്യാൺ മലയാളി അസോസിയേഷന്റെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം മാർച്ച് 16 ന് രാവിലെ 10 മണിക്ക് കല്യാൺ ഈസ്റ്റിലുള്ള ലോക്ധാര ഷോപ്പിംഗ് സെന്ററിൽവെച്ച് ഹോസ്റ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ കെ. വിജയകുമാർ ഭദ്രദീപം കൊളുത്തി നിർവ്വഹിക്കും. സാമൂഹിക പ്രവർത്തകരായ രാജൻ. വി. നായർ, മല്ലേഷ് ഷെട്ടി എന്നിവർ അതിഥികളായിരിക്കും.

വൈസ് പ്രസിഡന്റ് വിജയൻ. എം. നായർ അദ്ധ്യക്ഷനായിരിക്കും. ചടങ്ങിൽ അസോസിയേഷൻ പ്രഥമ മാനേജിംഗ് കമ്മിറ്റി മെമ്പർമാരായ എം. കെ. സുഗുണൻ, ഭാസ്ക്കരൻ മേനോൻ, സുനിൽ രാജ്, എം. ടി. ശങ്കരനാരായണൻ, സേതു എം. കുറുപ്പ്, എം. ദേവദാസൻ, രാജേഷ് ആർ. പണിക്കർ, പി. രഘുനാഥൻ, ടി. പി. വേണുഗോപാൽ, ഇ. എം. എസ്. നായർ, ശക്തിരൻ കെ. നായർ, ശ്രീനാഥ് മേനോൻ എന്നിവരെ ആയിരിക്കും. സെക്രട്ടറി സുനിൽരാജ്, സ്ഥാപക പ്രസിഡന്റ് എം. കെ. സുഗുണൻ, ജോയിന്റ് സെക്രട്ടറി ശക്തിധരൻ നായർ, പ്രസാദ് കെ. ആർ. എന്നിവർ സംസാരിക്കും.

## സർക്കാർ ബസ്സുകൾ ആക്രമിക്കുന്നവർക്കെതിരെ കർശന നടപടി - മുഖ്യമന്ത്രി

മുംബയ് : മഹാരാഷ്ട്ര സർക്കാരിന്റെ ബസ്സുകൾ ഏതു സമരത്തിന്റെ ഭാഗമായാണെങ്കിലും ആക്രമിക്കുകയോ നശിപ്പിക്കുകയോ ചെയ്താൽ ശക്തമായ നടപടി എടുക്കുമെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി അശോക് ചവാൻ പറഞ്ഞു. പൊതുജന സേവനാർത്ഥം നിരത്തിലൂടെ ഓടുന്ന ബസ്സുകൾ ജനങ്ങളുടെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ട ഉടമ സർക്കാരിനുണ്ടെന്നും ചവ്വാൻ പറഞ്ഞു. അതോടൊപ്പം തന്നെ സ്വകാര്യ വിഭാഗങ്ങളോട് മതസരിക്കാൻ വേണ്ടുന്ന കാര്യക്ഷമത സർക്കാർ ഡിപ്പാർട്ടുമെന്റുകൾ കാണിക്കണമെന്നും ആരും ശമ്പളക്കമ്മീഷൻ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്കുറപ്പാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

# മുംബയ് നഗരവികസന അതോറിറ്റിയുടെ കല്യാൺ ശാഖയിലേയ്ക്ക് 17 ന് ബി.ജെ.പി. മാർച്ച്

ഡോംബിവില്ലി : ഡോംബിവില്ലിയുടെ വികസന പരിപാടികൾ ഉടൻ ആരംഭിക്കുക എന്നാവശ്യപ്പെട്ട് കല്ല്യാൺ തിലക് ചൗക്കിയിലുള്ള എം.എം.ആർ.ഡി.എ. ഓഫീസിലേയ്ക്ക് മാർച്ച് 17 ന് ബി.ജെ.പി. മാർച്ച് നയിക്കും.

ഡോംബിവല്ലിയിൽ വിളിച്ചു ചേർക്കുന്ന പത്രസമ്മേളനത്തിലാണ് എം.എൽ.എ. രവീന്ദ്രചവാൻ ഇക്കാര്യം അറിയിച്ചത്. പ്രദേശത്തിന്റെ വികസനത്തിന് വേണ്ടി 12 ലക്ഷം ജനങ്ങളുള്ള ഡോംബിവല്ലിയെ സ്വതന്ത്ര താലൂക്ക് ആക്കാനും 5325 കോടിയുടെ വികസന പദ്ധതികൾ നടപ്പിലാക്കാനും സർക്കാരിനോട് നേരത്തെ താൻ ആവശ്യപ്പെട്ടിട്ടുണ്ട്. എം.എം.ആർ.ഡി.എ. മറ്റു സമീപ പ്രദേശങ്ങളുടെ വികസനത്തിന് മുൻകൈ എടുക്കുന്നുണ്ടെങ്കിലും ഡോംബിവല്ലിയുടെ കാര്യത്തിൽ അലംഭാവമാണ് കാണിക്കുന്നതെന്നും എം.എൽ.എ. പറഞ്ഞു. പ്രധാന ഓഫീസ് കല്യാണിൽ നിന്ന് താനയിലേയ്ക്ക് മാറ്റുന്നത് എം.എൽ.എ. ആയ താൻ പോലും അറിഞ്ഞിരുന്നില്ല എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ശ്രീ അയ്യപ്പസേവാസമിതി പ്രതിഷ്ഠാ വാർഷികം

മുംബയ് : നവി മുംബയ്ക്കടുത്ത് എയിറോളിലെ ശ്രീ അയ്യപ്പ സേവാ സമിതി ക്ഷേത്രത്തിലെ എട്ടാം പ്രതിഷ്ഠാ വാർഷികം മാർച്ച് 21 ഞായറാഴ്ച മുതൽ 23 വ്യാഴാഴ്ച വരെ സങ്കുചിതമായി ആഘോഷിക്കും. 21-ാം തീയതി പുലർച്ചെ നിർമ്മാല്യം മഹാഗണപതിഹോമം എന്നിവയോടെ ആഘോഷപരിപാടികൾക്ക് തുടക്കമാകും. വൈകുന്നേരം 7 മണിക്ക് സർപ്പബലി പൂജ 22 ന് രാവിലെ 5 മണിക്ക് ഗുരുവായൂരപ്പനും ഗണപതിയ്ക്കും ഉദയാസ്തമയ പൂജ വൈകിട്ട് 6 ന് ഭഗവതി സേവ 7.30 മുതൽ ഭക്തിഗാനസുധ 23 ന് രാവിലെ9 മണിമുതൽ ഉദയാസ്തമന പൂജ ഉച്ചയ്ക്ക് 12 മണി മുതൽ മഹാപ്രസാദം വൈകിട്ട് 6 മണി മുതൽ ഭഗവതി സേവ.

### ചതയദിനപൂജ

വസായ് : 3880-ാം നമ്പർ വസായ് എസ്. എൻ. ഡി. പി. ശാഖയുടെ ആഭിമുഖ്യത്തിൽ ശാഖാംഗമായ മോഹനപ്പണിക്കരുടെ വസതിയിൽ (ഫ്ളാറ്റ് നമ്പർ 5, സായി അപ്പാർട്ട്മെന്റ്, ശാസ്ത്രി നഗർ, അസധിറോഡ്, വസായ് വെസ്റ്റ്) ഇന്ന് വൈകിട്ട് അഞ്ചു മണിക്ക് ചതയദിനപൂജ നടത്തുമെന്ന് പ്രസിഡന്റ് കെ. മോഹനപ്പണിക്കർ അറിയിച്ചു. 0250-2335606, 9270347009

### വാർഷിക പൊതുയോഗം

ഡോംബിവല്ലി : നായർ വെൽഫയർ അസോസിയേഷന്റെ 21-മത് വാർഷിക പൊതുയോഗം ഇന്ന് ഉച്ചയ്ക്ക് 12 മണിക്ക് ഡോംബിവല്ലി വെസ്റ്റിലുള്ള ജോനലെ സ്കൂളിൽ നടക്കും.

### കിഡ്നി ദിനത്തിൽ കിഡ്നി ദാനം ചെയ്തു

സൂറത്ത് : ലോക കിഡ്നി ദിനത്തിൽ കിഡ്നി ദാനം ചെയ്ത് യുവതി മാതൃകകാട്ടി. കത്തർഗാം സ്വദേശിനി റിടായാണ് ഒരു വൃക്ക രോഗിയ്ക്ക് തന്റെ കിഡ്നി ദാനം ചെയ്തത്.

### ഒറീസാ ഫെസ്റ്റിവൽ

സൂറത്ത് : ഇന്നു മുതൽ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഒറിയാ ഫെസ്റ്റിവലിന് ഇന്ന് സൂറത്ത് ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമാകും. തുടർന്ന് നടക്കുന്ന കലാപരിപാടികളിൽ ഒറീസയിലെ മുഖ്യനേതാക്കൾ പങ്കെടുക്കും. ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയാണ് കൾച്ചറൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുന്നത്.

### സ്വാതി തിരുനാളിന് മുംബയിൽ പുനർജന്മം

മുംബയ് : പിരപ്പിൻകോട് മുരളി എഴുതിയ സ്വാതിതിരുനാൾ എന്ന ചരിത്രനാടകം മുംബയിലെ പഴയതും പുതിയതുമായ ഒട്ടുമിക്ക നാടകപ്രവർത്തകരെയും ഉൾപ്പെടുത്തി 'സപ്തസ്വര' മുംബയിൽ അവതരിപ്പിക്കുന്നു. നടനും സംഗീതസംവിധായകനുമായ പ്രേംകുമാറാണ് സപ്തസ്വരയുടെ ബാനറിൽ ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. രചന- ഗാനരചന പരപ്പൻകോട് മുരളി, സംഗീതം ജി. ദേവരാജൻ- പ്രേംകുമാർ. രംഗപടം മാർക്കോ സുഗുണൻ. നാടകത്തിന്റെ പൂജാകർമ്മം 16-ാം തീയതി അമ്പരപ്പ് കാതിവലി വെസ്റ്റ് താക്കൂർ കോംപ്ളക്സിലെ മുൻസിപ്പൽ വെൽഫെയർ ഹാളിൽ നടക്കുന്നു.

### നിര്യാതനായി

കോഴഞ്ചേരി കോലത്ത് കുടുംബാംഗമായ തോളോരുഴത്തിൽ പരേതനായ ടി.കെ. ഫിലിപ്പിന്റെ മകൻ റ്റി. പി. വർഗ്ഗീസ് (തങ്കച്ചൻ (63) 12-03-2010 ൽ നിര്യാതനായി. ഡോംബിവില്ലി (ഈസ്റ്റ്) മിലാപ്നഗർ, ക്രെഡിറ്റ്അപ്പാർട്ട്മെന്റിലായിരുന്നു താമസം. വിത്തൽവാസി സെമിത്തേരിയിൽ സംസ്കാരചടങ്ങുകൾ നടന്നു.
മക്കൾ - ഫിലിപ്പ് വർഗ്ഗീസ് (ബിനു-ഇംഗ്ലണ്ട്), ബിൻസി (മുംബയ്) മരുമക്കൾ - റോബിൻ, സോണി. ചെറുമക്കൾ - ആൻജലീന, അരുൺ, അലൻ.

# ജീവിത നിലവാര സർവ്വേ: മുംബയ് പിന്നിൽ

മുംബയ്: സംസ്ഥാന ഖജനാവിന് നികുതിയിനത്തിൽ കോടികൾ സംഭാവന ചെയ്യുമ്പോഴും ഇന്ത്യയിൽ ജീവിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം എന്ന വ്യാതി നേടാൻ മുംബയ് മഹാനഗത്തിനാകുന്നില്ല. എല്ലാ സർവ്വേകളിലും ന്യൂഡൽഹി ഈ ബഹുമതി നേടുമ്പോൾ മുംബയ് പിന്നിലാവുകയും ചെയ്യുന്നു. ഏറ്റവും അവസാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പാരിറ്റീവ് സ്റ്റഡീസ് തയ്യാറാക്കിയ 'ലീവ് എബിലിറ്റി ഇൻഡെക്സ് 2010' സർവ്വേ റിപ്പോർട്ടിലും ഡൽഹിയാണ് ഇന്ത്യയിൽ ജീവിക്കാൻ ഏറ്റവും അനുയോജ്യമാക്കാൻ ഏറ്റവും അനുയോജ്യമായ നഗരമായി തിരഞ്ഞെടുക്കപ്പെട്ടത്. തൊട്ടു പിന്നാലെ മുംബയും ചെന്നൈയും ബാംഗ്ലൂരും വരുമ്പോൾ പൂനെയ്ക്ക് 8-ാം സ്ഥാനം നേടി. ഏറ്റവും മോശം നഗരങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത് ലക്നൗ, പാറ്റ്ന, വിശാഖ പട്ടണം, ജംഷഡ്പൂർ എന്നിവയുമാണ്. ഇതാദ്യമായല്ല മുംബയ് ഈ വിധം പിന്നിലാവുന്നത് 2009-ലെ സർവ്വേയിൽ 215 രാജ്യങ്ങളിലാകമാനമായി ഏറ്റവും മികച്ച നഗരങ്ങളിൽ തിരഞ്ഞെടുത്തപ്പോഴും മുംബയുടെ റാങ്ക് 148 ആയിരുന്നു. 142 ആയി ഡൽഹിയും 145 ആയി ബാംഗ്ലൂരും റാങ്ക് ചെയ്യപ്പെട്ടു. 2007 ലെ ഏണസ്റ്റ് ആന്റ്യംഗ് റിപ്പോർട്ടിലും ഡൽഹി മികച്ച ജനജീവിതത്തിനുള്ള നഗരമായി തിരഞ്ഞെടുക്കപ്പെട്ടു. മുൻ പൊലീസ് മേധാവി റിബയ്റോ പറയുന്നതുപോലെ ഡൽഹിയുടെ ഏറ്റവും വലിയ പ്രത്യേകത വിശാലമായ സ്ഥല ലഭ്യതയാണ്. എന്നാൽ മുംബയിലെ ഏറ്റവും വലിയ പ്രശ്നം രൂക്ഷമായ സ്ഥ ദൗർലഭ്യമാണ്. ഓരോ ഇഞ്ച് സ്ഥലത്തിന് വേണ്ടിയും ജനം പോരടിയ്ക്കുകയാണ്. ഇത്തരത്തിൽ ഒരു ദ്വീപ് പോലെയുള്ള മുംബയ്ക്ക് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് സ്ഥപരിമിതി.

അനുദിനം വർദ്ധച്ചു വരുന്ന ജനസഖ്യ നഗരത്തെ വീർപ്പു മുട്ടിയ്ക്കുന്നു. എന്നാൽ 2010 ലെ സർവ്വേയുടെ കണ്ടെത്തലുകളെ വിമർശിക്കുകയാണ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യക്തിപരമായ സുരക്ഷയുടേയും സംരക്ഷണയുടേയും കാര്യത്തിൽ മുംബയ് തന്നെയാണ് ഡൽഹിയെക്കാൾ മുന്നിൽ എന്ന് റിബയ്റോ പറയുന്നു. പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യത്തിൽ സ്ത്രീകൾ സുരക്ഷതരായ യാത്ര ചെയ്യാനും ജീവിക്കാനും പറ്റിയ നഗരം മുംബയ് തന്നെയാണെന്ന് അദ്ദേഹം പറയുന്നു. എന്നാൽ മറ്റ് രംഗങ്ങളിലെ പ്രമുഖർ പറയുന്നത് ജീവിക്കാൻ ഏറ്റവും ദുരിതം പിടിച്ച നഗരങ്ങളിലൊന്നാണ് മുംബയ് എന്നാണ്. ഇവിടത്തെ ട്രെയിനിൽ യാത്രകൾ ജർമ്മനിയിലെ ഹിറ്റ്ലറുടെ കോൺസെൻട്രേഷൻ ക്യാമ്പുകളെ അനുസ്മരിപ്പിക്കുന്നതാണ്. ചെറുപ്പക്കാരോടും വൃദ്ധജനങ്ങളോടും ഇത്ര ദയാരഹിതമായി പെരുമാറുന്ന മറ്റൊരു നഗരമില്ലെന്നും അവർ പറയുന്നു. ഈ നഗരം വിടുന്ന ചെറുപ്പക്കാർ പിന്നെ തിരിച്ചുവരാൻ ഇഷ്ടപ്പെടുന്നില്ല. ലോകത്തെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടക്കുന്നതും ഈ നഗരത്തിലാണ്. സാംസ്കാരിക രംഗത്തെക്കുറിച്ച് പറഞ്ഞാൽ ലോകത്തിന്റെ മുന്നിൽ അഭിമാനത്തോടെ ചൂണ്ടികാണിക്കാൻ കഴിയുമായിരുന്ന ഒരു ചിത്രകാരനെ നാം ഇവിടെ നിന്ന് ഓടിച്ചു. നമ്മുടെ പ്രശസ്തമായ ഒരു യൂണിവേഴ്സിറ്റിയിലേയ്ക്ക് ഒരു വൈസ്ചാൻസിലറെ കണ്ടെത്താൻ പോലും ഒരു വർഷമായി നമുക്ക് കഴിഞ്ഞില്ല. ഇതൊക്കെ ഈ നഗരത്തിന്റെ നിരവധി പോരായ്മകളിൽ ചിലതുമാത്രം പിന്നെ എങ്ങനെ നാം മുന്നിൽവരും അവർ ചോദിക്കുന്നു.

### സർവ്വേയുടെ അളവുകോൽ

1. ജീവിതനിലവാരം.
2. സാമൂഹിക സാംസ്കാരിക അന്തരീക്ഷം.
3. വിദ്യാഭ്യാസം.
4. വൈദ്യശാസ്ത്ര നിലവാരം.
5. സുരക്ഷ.
6. വിനോദം എന്നീ മേഖലകളാണ് സർവ്വേയ്ക്ക് നിദാനമായത്.

**ഭൂമിനിയമം**

നിയമമനുസരിച്ച് ഓരോ സിറ്റിയ്ക്കും ആയിരം ആളുകൾ താമസിക്കുന്നിടത്ത് 4 ഏക്കർ ഒഴിഞ്ഞ ഭൂമി വേണമെന്നാണ് കണക്ക്. മുംബയിൽ ഈ ശരാശരി വെറും .03 ഏക്കർ മാത്രമാണ്.

**വാൻകൂർ ഒന്നാമത്**

ജീവിയ്ക്കാൻ ഏറ്റവും അനുയോജ്യമായി തിരഞ്ഞെടുക്കപ്പെട്ട നഗരം 2010 ലെ ഒളിമ്പിക്സിന് തെരഞ്ഞെടുക്കപ്പെട്ടതോടെ ഈ കനേഡിയൻ നഗരത്തിന് പുതിയ പ്രൗഢിയാണ് കൈവന്നിരിക്കുന്നത് വിയന്നയും മെൽബണുമാണ്. തൊട്ടടുത്ത് സിംബ്ബാവേയിലെ ഹരാരേയാണ് ഏറ്റവും മോശം നഗരം

# വനിതാ അധോലോകനേതാവിന്റെ അംഗരക്ഷകൻ കൊല്ലപ്പെട്ടു

മുംബയ് : കാശിമിരായിലെ കുപ്രസിദ്ധ അധോലോക നേതാവായ ഗുൽഷൻ ടാസെയുടെ അംഗരക്ഷകനായ അക്ബർ ഷെയ്ക്ക് (40) മീരാറോഡിലെ കാശിഗാവിൽ വച്ച് കൊല്ലപ്പെട്ടു. ഗുൽഷൻ മാസെയോട് മുൻ വൈരാഗ്യമുണ്ടായിരുന്ന അകിൻ അലി എന്ന ആൾ ടാസെയുടെ കാശിമീരയിലെ വീട്ടിൽ മാരകായുധങ്ങളുമായി എത്തിയപ്പോൾ അക്ബർ ഷെയ്ക്ക് തടയാൻ ശ്രമിച്ചു. ആ സമയം അലി അക്ബറിനെ കുത്തികൊലപ്പെടുത്തി. പ്രതിയെ കാശിമീര പോലീസ് അറസ്റ്റു ചെയ്തു. ഐ.പി.സി. 312-ാം വകുപ്പനുസരിച്ച് കേസെടുത്തു.

## മൊബൈൽ കട കൊള്ളയടിച്ചു

സൂറത്ത് : സൂറത്തിനടുത്ത് സൗഭാഗർ വാഡിൽ ഒരു മൊബൈൽ കട 4 തോക്കുധാരികൾ ചേർന്ന് കൊള്ളയടിച്ചു. ഇരുപതിനായിരം രൂപയും നിരവധി മൊബൈലുകളും അടക്കം കൊള്ളക്കാർ തട്ടിയെടുത്തു. ചൗക്ക് ബസാർ പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരുന്നു.

# 11 മണിക്കൂർ റെയിൽ ഗതാഗതം നിയന്ത്രണം

മുംബയ് : ചത്രപതി, ശിവജി ടെർമിനനിൽ നിന്നുള്ള റെയിൽ ഗതാഗതത്തിന് ഈ ഞായറാഴ്ച രാവിലെ എട്ടര മുതൽ വൈകിട്ട് നാലര വരെ പാറേൽ, മസ്ജിദ്, സ്റ്റേഷനുകളിലേക്കും ഏഴര വരെ താനെയിലേക്കുള്ള റെയിൽ ഗതാഗാതം നിർത്തിവയ്ക്കും.

സി. എസ്. ടി. ക്കും ബസ്സുള്ള സ്റ്റേഷനുകൾക്കിടയിൽ പുതിയ വരിയുടെ നിർമ്മാണത്തിനുവേണ്ടി ഈ നിയന്ത്രണം സി. എസ്. ടിയിൽ നിന്നുള്ള ട്രെയിനുകൾ മാട്ടുംഗ വഴിയും പാറേൽ നിന്ന് സി. എസ്. ടി. യ്ക്കുള്ള ട്രെയിനുകൾ അതിവേഗ പാതയിലൂടെയും തിരിച്ചുവിടും കരിറോഡ്, ചിൻയ്പോയ്‌ലി, സന്തൂർഷ്ട് റോഡ് എന്നീ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് സ്റ്റേഷനുണ്ടാവില്ല. മുംബയ്- പൂനെ സിൻഹാഗാദ് എക്സ്പ്രസ്, പൂനെ- മുംബയ് ഡെക്കാൻ ക്യൂൻ എക്സ്പ്രസ്, പ്രഗതി എക്സ്പ്രസ്, മൻമദ്- മുംബയ് പഞ്ചവടി എക്സ്പ്രസ് എന്നീ ട്രെയിനുകൾ ഞായറാഴ്ച റദ്ദ് ചെയ്തു.

## പാർസൽ തട്ടിയെടുത്തു

സൂറത്ത് : സൂറത്ത് - വൽസാഡ് സ്റ്റേഷൻ മദ്ധ്യേ ട്രെയിനിൽ നിന്നും പാർസൽ മോഷ്ടിച്ച വെള്ളം വിൽപനക്കാരനെ റെയിൽവേ പോലീസ് പിടികൂടി അലോക് രജ്പുത്താണ് പിടിയിലായത്. പാർസലുകൾ കയറ്റുന്നത് നിരീക്ഷിച്ച് അനുയോജ്യമായ സന്ദർഭത്തിൽ അടിച്ചുമാറ്റുകയായിരുന്നു. ഇയാളുടെയും സംഘത്തിന്റെയും സ്ഥിര പരിപാടി സംശയകരമായ സാഹചര്യത്തിൽ കണ്ട രജ്പുത്തിനെ ചോദ്യം ചെയ്തപ്പോഴാണ് കള്ളിവെളിച്ചത്തായത്. കസ്റ്റഡിയിലെടുത്ത ഇയാളെ റിമാൻഡ് ചെയ്തു.

## ട്രക്ക് ഇടിച്ച് സ്കൂട്ടർ യാത്രക്കാരിക്ക് പരിക്ക്

സൂറത്ത് : സ്കൂട്ടർ യാത്രക്കാരിക്ക് ട്രക്ക് ഇടിച്ച് ഗുരുതരമായി പരിക്കേറ്റു. സൂററ്റി നടുത്ത് ബ്രഹ്മകുമാരി സർക്കളിനടുത്ത്വച്ചാണ് സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന നീലം എന്ന യുവതിയെ ട്രക്ക് ഇടിച്ച് തെറിപ്പിച്ചത്. തൊട്ടടുത്ത് ശ്രീമഹാമീർ ഹോസ്പിറ്റലിൽ എത്തിച്ച നീലത്തിന്റെ വലതുകൈ ട്രക്കിനടിയിൽപെട്ട് ചതഞ്ഞ് അരഞ്ഞു പോയിരുന്നു. ഒരു ശസ്ത്രക്രിയയിലൂടെ ചതഞ്ഞ കൈ തുന്നിച്ചേർക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതിനെ തുടർന്ന് കൈ മുറിച്ച് മാറ്റി.

# നഗരത്തിൽ ചൂടുകൂടി - രോഗങ്ങളും

മുംബയ് : ചൂട് വർദ്ധിച്ചു വരുന്നതിനു സമാനമായി നഗരത്തിൽ രോഗങ്ങളും കൂടിക്കൊണ്ടിരിക്കുകയാണ്. ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയും ലഭിക്കുന്നജലം ശുദ്ധമല്ലാതായി മാറുകയും ചെയ്യുമ്പോഴാണ് രോഗങ്ങൾ പടർന്നുകൊണ്ടിരിക്കുന്നത് എന്ന് ജനങ്ങൾ പറയുന്നു. കൊതുക് നശീകരണത്തിനായി നഗരസഭ പുതിയ മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാത്തത് കൊണ്ട് തന്നെ പല ഭാഗങ്ങളിലും പടർന്നുകൊണ്ടിരുന്ന മലേറിയ്ക്ക് ശേഷം ഇപ്പോൾ മഞ്ഞപ്പിത്തംകൂടി നഗരത്തിൽ പടർന്നു പിടിക്കുകയാണ്. അഴുക്കു ചാലുകൾക്ക് മുകളിലൂടെ പോകുന്ന ചോർന്നൊലിക്കുന്ന പൈപ്പുകൾ രോഗാണു വാഹകരായി മാറുമ്പ